അടിയന്തരപ്രമേയം

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

മി. സ്പീക്കർ: ഓർഡർ....ഓർഡർ..... സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.യെ നിഷ്ക്രിയമാക്കുന്നതിന് ഷെഡ്യൂളുകൾ വെട്ടിക്കുറച്ചും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ചും സ്ഥലവും സമ്പത്തും വിനിയോഗിച്ച് പുതിയ കമ്പനി രൂപീകരിച്ചും തകർച്ചയിലേയ്ക്ക് തള്ളിവിട്ടതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.പി.എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, 1965-ൽ രൂപീകരിച്ച കെ.എസ്.ആർ.ടി.സി. വർഷങ്ങളായി ഓടിക്കൊണ്ടിരിക്കുന്ന ഒരു സംവിധാനമാണ്. അന്നുതൊട്ട് ഇന്നുവരെയുള്ള 56 വർഷത്തിൽ ഏകദേശം 34 വർഷം കോൺഗ്രസ്സ് ഭരിച്ച മുന്നണിയും ഏകദേശം 22 വർഷം സി.പി.ഐ.

(എം.) നയിച്ച മുന്നണിയുമാണ് കേരളം ഭരിച്ചത്. കെ.എസ്.ആർ.ടി.സി.-യിൽ കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ വരുത്താൻ കഴിയാതെപോയതിന് ആരെയാണ് കുറ്റപ്പെടുത്തേണ്ടതെന്ന് എനിക്കറിയില്ല. 1965-ൽ രൂപീകരിച്ച കെ.എസ്.ആർ.ടി.സി. അന്നുമുതൽ നഷ്ടത്തിലാണ്. 1970-ലെ നഷ്ടം 4 കോടി രൂപ, 1980-ൽ 20 കോടി രൂപയോളം 1990-ൽ 100 കോടി രൂപ, അങ്ങനെ കൂടികൂടി ഇപ്പോൾ 2022-ൽ ഈ മാസം പൂർത്തിയാകുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞദിവസം പറഞ്ഞതുപോലെ 2000 കോടി രൂപയാണ് നഷ്ടം. കോവിഡ് മഹാമാരി ഏറ്റവും കൂടുതൽ പ്രതിസന്ധിയുണ്ടാക്കിയത് ഗതാഗതമേഖലയെയാണ്. അതിൽതന്നെ ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്നത് ഇന്ത്യയിലെ തന്നെ വലിയ പൊതുമേഖലാ സ്ഥാപനമായ/ ഏറ്റവും വലിയ പൊതുമേഖലാ സംവിധാനമുള്ള കെ.എസ്.ആർ.ടി.സി.ആണ്. കോവിഡ് മഹാമാരിമൂലം ഒരു വശത്ത് യാത്രക്കാർ തീരെയില്ലാത്ത അവസ്ഥ. അതുകാരണം വരുമാനം കുത്തനെ ഇടിഞ്ഞു. മറുവശത്ത് മാറിമാറി ഭരിച്ച കേന്ദ്രസർക്കാരുകളുടെ തെറ്റായ നയങ്ങളും നിലപാടുകളുംമൂലം ഇന്ധന വിലയിലുണ്ടാകുന്ന ഭീകരമായ വർദ്ധന.

റീട്ടെയിൽ വിലയേക്കാൾ സാധാരണ 10 ശതമാനമെങ്കിലും താഴെയാണ് ബൾക്ക് പർച്ചേസറായ കെ.എസ്.ആർ.ടി.സി.ക്ക് ഇന്ധനം ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ കഴിഞ്ഞ വർഷത്തിന്റെ അവസാന ദിവസം 31-12-2021-ൽ ബൾക്ക് പർച്ചേസും റീട്ടയിൽ പർച്ചേസും തമ്മിലുള്ള വിലയുടെ വ്യത്യാസം 10 രൂപ 72 പൈസ. അത് കുറവായിരുന്നു. ഇന്നലെയായപ്പോൾ വ്യത്യാസം എത്രയാണെന്ന് അറിയാമോ 82 രൂപയിൽ നിന്ന് 121 രൂപയിലേയ്ക്ക് പോയി. ഒരു ലിറ്റർ ഇന്ധനത്തിന് മൂന്ന് മാസം കൊണ്ട് കൂടിയത് 38 രൂപ 61 പൈസ. 15-3-2021-ൽ ഒരു ലിറ്റർ ഡീസലിന് 100 രൂപ 25 പൈസയായിരുന്നു, പിറ്റേദിവസമായപ്പോൾ 121 രൂപ 36 പൈസ. ഒറ്റ ദിവസം കൊണ്ട് 21 രൂപ 11 പൈസയുടെ വർദ്ധനവുണ്ടായി. ഇന്നലെ ഒറ്റദിവസത്തെ വർദ്ധനവ് കൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് പ്രതിദിനം 75 ലക്ഷം രൂപ മുതൽ 83 ലക്ഷം രൂപയുടെ അധികചെലവാണ് വരുന്നത്. ഇന്നലത്തെ ഒരു ദിവസത്തെ വർദ്ധനവുമൂലം ഒരു മാസം 22 മുതൽ 25 കോടി രൂപയുടെ അധിക ചെലവാണ് കെ.എസ്.ആർ.ടി.സി.ക്ക് വരാൻ പോകുന്നത്. പൊതുഗതാഗതമേഖലയെ തകർക്കുകയെന്ന ഗൂഢലക്ഷ്യത്തോടെയും പ്രതികാര

ബുദ്ധിയോടുകൂടിയാണ് കേന്ദ്ര സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. നീതിക്ക് നിരക്കാത്ത നടപടികളാണ് കേന്ദ്രസർക്കാർ തുടരുന്നത്. ഈ അനീതിക്കെതിരെ നീതിപീഠത്തെ സമീപിക്കുകയല്ലാതെ ജനാധിപത്യ രാജ്യത്ത് നമുക്ക് എന്താണ് ചെയ്യാൻ കഴിയുക? കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു, അപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞു, ഹൈക്കോടതിയെ സമീപിക്കാൻ. ഇന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ കെ.എസ്.ആർ.ടി.സി. ഈ അനീതിക്കെതിരെ കേസ് ഫയൽ ചെയ്യുകയാണ്. ലോകത്തൊരിടത്തുമില്ലാത്ത അനീതിയാണിത്. റീട്ടെയിൽ പർച്ചേസിനേക്കാൾ ബൾക്ക് പർച്ചേസിനാണ് കൂടുതൽ വില നൽകണമെന്നത് ഏറ്റവും വിചിത്രമായ വാദമാണ്. കൂടുതൽ വാങ്ങുമ്പോൾ സാധാരണ വിലകുറച്ചാണ് നൽകാറുള്ളത്. ഈ പ്രതികൂല സാഹചര്യത്തിലും കെ.എസ്.ആർ.ടി.സി. തളരാതെ മുന്നോട്ട് പോകുന്നത് കേരളത്തിന്റെ കരുത്തനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുന്നതുകൊണ്ട് മാത്രമാണ്. കെ.എസ്.ആർ.ടി.സി.യെ തകർച്ചയിൽനിന്നും രക്ഷിക്കാൻ ഒന്നാം

പിണറായി സർക്കാരിന്റെ കാലത്ത് പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ടിലെ പുനരുദ്ധാരണ പരിപാടികൾ ഒന്നൊന്നായി നടപ്പിലാക്കിവരികയാണ്. ഇതിന്റെ ആദ്യപടിയായി, പ്രകടനപത്രികയിലെ വാഗ്ദാനം നിറവേറ്റിക്കൊണ്ട് പതിറ്റാണ്ടുകൾക്കുശേഷം കെ.എസ്.ആർ.ടി.സി.യെ കാര്യക്ഷമമാക്കുന്നതിന് രണ്ടാം പിണറായി സർക്കാർ അധികാരമേറ്റെടുത്ത് ഒരു മാസത്തിനുള്ളിൽ പ്രൊഫഷണൽസിനെ മാത്രം ഉൾപ്പെടുത്തി ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ പ്രവർത്തനങ്ങളും കംപ്യൂട്ടർവൽക്കരിക്കണമെന്ന ലക്ഷ്യത്തോടെ മുഴുവൻ ജീവനക്കാരുടേയും ശമ്പളവും സർവ്വീസ് സംബന്ധമായ വിവരങ്ങളും ജി-സ്പാർക്ക് വഴി ഓൺലൈനാക്കിയുള്ള ദൗത്യം കഴിഞ്ഞ ജൂണിൽ പൂർത്തിയാക്കി. യു.ഡി.എഫ്. ഗവൺമെന്റിന്റെ തലതിരിഞ്ഞ നയംമൂലം കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ നിലച്ചതിന്റെ ഫലമായി ജീവനക്കാരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടവരാണ് അപ്പുറത്തിരുന്ന് ഈ അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. 2018-ൽ ഒന്നാം പിണറായി സർക്കാർ ഭരിക്കുമ്പോൾ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ

അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ തീരുമാനപ്രകാരമാണ് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വഴി എൽ.ഡി.എഫ്. സർക്കാർ മുടങ്ങാതെ ഇന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ മാസത്തെ പെൻഷനും കൊടുത്തുകഴിഞ്ഞു. നീണ്ട 11 വർഷത്തിനുശേഷം കെ.എസ്.ആർ.ടി.സി.യുടെ ചിരകാല സ്വപ്നമായ ശമ്പളപരിഷ്കരണം യാഥാർത്ഥ്യമാക്കിയത് എൽ.ഡി.എഫ്.-ന് തുടർഭരണം കിട്ടിയതുകൊണ്ടുമാത്രമാണ്. യു.ഡി.എഫ്. ഭരിച്ചപ്പോൾ കൊടുത്ത മാസ്റ്റർ സ്കെയിൽ എത്രയായിരുന്നു? ഇന്ന് അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത് മുൻഗതാഗത വകുപ്പുമന്ത്രിയാണല്ലോ; അദ്ദേഹത്തിന്റെ കാലത്ത് 8730 രൂപ അടിസ്ഥാന ശമ്പളം/മാസ്റ്റർ സ്കെയിൽ ഉണ്ടായിരുന്നു. പിണറായി സർക്കാർ അധികാരമേറ്റപ്പോൾ ഇന്ന് കൊടുക്കുന്നത് 23,000 രൂപ മാസ്റ്റർ സ്കെയിൽ. 8370-ൽ നിന്ന് 23,000 രൂപയിലേയ്ക്ക് മാസ്റ്റർ സ്കെയിൽ ഉയർത്തിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് മാസ്റ്റർ സ്കെയിൽ 8370.

ബഹുമാനപ്പെട്ട പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ തൊഴിലാളികളുടെ മാസ്റ്റർ സ്കെയിൽ 23,000 ആയി ഉയർത്തി. പുതിയ സ്കെയിലിൽ കഴിഞ്ഞ മാസത്തെ ശമ്പളവും കൊടുത്തു. പഴയ സ്കെയിലില്ല. ഈ മാസത്തെ ശമ്പളം അടുത്തമാസം കൊടുക്കും. കെ.എസ്.ആർ.ടി.സി.യുടെ ഇന്ധന പമ്പുകൾ ('യാത്രാ ഫ്യൂവൽസ്') പൊതുജനങ്ങൾക്കുകൂടി ഘട്ടംഘട്ടമായി തുറന്നുകൊടുത്തുകൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ കെ.എസ്.ആർ.ടി.സി.യുടെ ഫ്യൂവൽ പമ്പുകളിൽനിന്നും കെ.എസ്.ആർ.ടി.സി. ബസുകൾ മാത്രം ഇന്ധനം നിറച്ചുകൊണ്ടിരുന്നു. അത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുംവിധം തുറന്നുകൊടുത്തുകൊണ്ട്, വരുമാനം കൂടുന്നു, ജനങ്ങൾക്ക് നല്ല ഇന്ധനം കിട്ടുന്നു. അത് ഘട്ടംഘട്ടമായി തുടർന്നുവരുന്നു. ഏതാനും മാസങ്ങൾകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ പമ്പുകളും പൊതുജനങ്ങൾക്കുകൂടി തുറന്നുകൊടുക്കും. ദീർഘദൂര ബസുകൾ കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിനുകീഴിൽ കാര്യക്ഷമമായി ഓടിക്കാൻ രൂപീകരിച്ച 'കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്' എല്ലാ കടമ്പകളും കടന്ന് യാഥാർത്ഥ്യമായിക്കഴിഞ്ഞു. പുതിയ 8 എ.സി. സ്ലീപ്പർ മൾട്ടി ആക്സിൽ

വോൾവോ ബസ് കെ.എസ്.ആർ.ടി.സി.യുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ആദ്യമായി തിരുവനന്തപുരത്ത് എത്തിക്കഴിഞ്ഞു, ഈ മാസം സർവ്വീസ് ആരംഭിക്കും. അടുത്തമാസമാകുമ്പോൾ പുതിയ 116 ആധുനിക ബസുകളാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ഭാഗമായി ദീർഘദൂര സർവ്വീസ് നടത്താൻ പോകുന്നത്. എൻ.എച്ച്.-ലൂടെയും എം.സി. റോഡിലൂടെയും പോകുന്ന ബസുകളെ ബന്ധിപ്പിക്കുന്ന ബൈപ്പാസ് റൈഡർ ബസുകളും സമാന്തരമായി കെ.എസ്.ആർ.ടി.സി. ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. സിറ്റി സർവ്വീസുകളെല്ലാം ഇലക്ട്രിക് ബസുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി പുതിയ 50 ഇലക്ട്രിക് ബസുകൾ തലസ്ഥാനത്ത് അടുത്തമാസം ഓടിത്തുടങ്ങുകയാണ്. അടുത്ത 6 മാസത്തിനകം കിഫ്ബിയുടെ ധനസഹായത്തോടെ വാങ്ങുന്ന 310 സി.എൻ.ജി. ബസുകൾ ഉൾപ്പെടെ 476 പുതിയ ബസുകൾ കെ.എസ്.ആർ.ടി.സി.യുടെ ഭാഗമാകുകയാണ്. ഈ 476 ബസുകൾ ഉൾപ്പെടെ 1336 പുതിയ ബസുകൾ വരുന്ന 18 മാസങ്ങൾക്കുള്ളിൽ കെ.എസ്.ആർ.ടി.സി.യിൽ എത്തുകയാണ്. ഇപ്പോൾ 856 സ്ക്രാപ്പ് ചെയ്യേണ്ട ബസുകളുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകൾ സ്ക്രാപ്പ് ചെയ്യേണ്ട

നടപടിക്രമങ്ങൾ ബഹുമാനപ്പെട്ട മുൻഗതാഗത വകുപ്പുമന്ത്രിക്കറിയാം(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ). അക്കാര്യം ആദ്യം എത്രയോ കമ്മറ്റികൾ പരിശോധിക്കണം, പിന്നെ അതിൽ കൊള്ളാവുന്നതെടുത്ത് മാറ്റുന്നതിനായുള്ള സ്ക്രിപ്പിംഗ് നടത്തണം, അതുകഴിഞ്ഞ് കമ്മിറ്റി അപ്സെറ്റ് വാല്യൂ ഫിക്സ് ചെയ്യണം. പിന്നീട് എം.എസ്.ടി.സി. വഴി ലേലം ചെയ്യാൻ, ഒരു സുദീർഘ പ്രോസസ്സ് ആണ്. 856 ബസുകൾ ഈ പ്രോസസ്സിലൂടെ കടന്നുപോകുന്നു. ഏതാണ്ട് 80 ബസുകൾ ഈ പ്രോസസ്സിലൂടെ വിറ്റുകഴിഞ്ഞു, ബാക്കി ഏതാനും നാളുകൾക്കുള്ളിൽ വിറ്റുപോകുകയാണ്. നഗരങ്ങളിലെ യാത്രാസൗകര്യം മെച്ചപ്പെടുത്താൻ വിദേശരാജ്യങ്ങളിൽ മാത്രം കണ്ടിട്ടുള്ള സിറ്റി സർക്കുലർ ബസ് സർവ്വീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ഏകദേശം എല്ലാ റൂട്ടുകളിലും ആരംഭിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം നഗരത്തിൽമാത്രം 82 ബസുകൾ സർവ്വീസ് ആരംഭിച്ചു. ഫിഷറീസ് വകുപ്പുമായി കൈകൊർത്ത് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ ഉറച്ചപിന്തുണയോടുകൂടി മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സൗജന്യമായി യാത്രചെയ്യാൻ 'സമുദ്ര' ബസുകൾ സർവ്വീസ് ആരംഭിച്ചിട്ട് ആറ്

മാസമായി. മത്സ്യവിപണന സ്ത്രീകൾക്ക് സൗജന്യമായി ബസ് യാത്രാസൗകര്യം ഒരുക്കിയ ഇന്ത്യയിലെ ആദ്യത്തെ സർക്കാരാണ് പിണറായി സർക്കാർ. സർവ്വീസ് യോഗ്യമല്ലാത്ത പഴയ ബസുകൾ കണ്ടം ചെയ്യുക മാത്രമല്ല ചെയ്യുന്നത്. മിൽമ, കെ.റ്റി.ഡി.സി., കുടുംബശ്രീ, ഹോർട്ടികോർപ്പ് തുടങ്ങി നിരവധി സ്ഥാപനങ്ങളുമായി കൈകോർത്ത് 'ഷോപ്പ് ഓൺ വീൽസ്' പദ്ധതി കഴിഞ്ഞ പത്തുമാസക്കാലമായി വിജയകരമായി മുന്നോട്ടുപോകുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കണ്ടം ചെയ്യേണ്ട അഞ്ച് ബസുകൾ മൂന്നാറിൽ ഷീ ലോഡ്ജുകളാക്കിമാറ്റി വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കേരള ജനത ഒറ്റക്കെട്ടായി കെ.എസ്.ആർ.ടി.സി. മുന്നോട്ടുവയ്ക്കുന്ന ടൂർ പാക്കേജുകൾ ഇരുകയ്യും നീട്ടിയാണ് സ്വീകരിച്ചിരിക്കുന്നത്. സ്ത്രീകൾ മാത്രമായി, കുട്ടികൾ മാത്രമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടൂർ പോകുന്നു. കേരളത്തിൽ ഇന്ന് അതൊരു ഹരമായി മാറിയിരിക്കുന്നു. അങ്ങനെ കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പദ്ധതികൾ ഒന്നൊന്നായി യാഥാർത്ഥ്യമായി കൊണ്ടിരിക്കുകയാണ്. ഇനിയും ബസ് എത്തിപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കാനും പല

കാരണങ്ങൾകൊണ്ട് നിലച്ചുപോയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കാനും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ വകുപ്പുമായി കൈകൊർത്തുകൊണ്ട് 'ഗ്രാമവണ്ടി' പദ്ധതി ആരംഭിക്കാനുള്ള നടപടി പൂർത്തിയായി കഴിഞ്ഞു. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുമ്പോൾ ഇന്ധനവില വർദ്ധിപ്പിച്ച് ഇതിനെ തകർക്കാൻ ബി.ജെ.പി. സർക്കാർ ശ്രമിക്കുമ്പോൾ കേരള ജനതയുടെ വികാരമായ ആനവണ്ടിയെ തളർത്താൻ പതിനായിരക്കണക്കിന് ജീവനക്കാരുടെ ജീവിത സ്വപ്നങ്ങളെ പിച്ചിചിന്താൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ യു.ഡി.എഫ്. കൂട്ടുനിൽക്കരുത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തരപ്രാധാന്യം ഒന്നുമില്ലാത്തതുകൊണ്ട് അടിയന്തരപ്രമേയം പിൻവലിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: അങ്ങ് സമയപരിധി പാലിക്കുമെന്ന് എനിക്കുറപ്പാണ്. എങ്കിലും ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ഗതാഗത

വകുപ്പുമന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ 'ആനന്ദലബ്ധിക്കിനി എന്തുവേണ്ടു' എന്ന മട്ടിലാണ് പ്രസംഗം അവസാനിപ്പിച്ചത്. " ......to constitute KSRTC SWIFT a legally independent company for ten years....." കെ.എസ്.ആർ.ടി.സി. ഇത്രയും ഭംഗിയായി പ്രവർത്തിക്കുന്നെങ്കിൽ പിന്നെ എന്തിനാണ് ഇങ്ങനെയൊരു പുതിയ കമ്പനി രൂപീകരിക്കുന്നത്? ഒരു പുതിയ കമ്പനി രൂപീകരിച്ചതാണ് ജീവനക്കാരുടെ പ്രധാന പ്രശ്നം. അങ്ങ് എന്നോട് പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ച കാര്യങ്ങൾ ആ സ്ഥാപനത്തിലെ സി.ഐ.ടി.യു. യൂണിയനോട് പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ സാധിക്കുമോ? എന്നോട് പറഞ്ഞാൽ ഞാൻ കേട്ടിരിക്കാം, കാരണം നിയമസഭയിൽ അല്ലേ പറയുന്നത്. പക്ഷേ സി.ഐ.ടി.യു.-ക്കാർ ഇത് കേൾക്കുമോ? കേൾക്കില്ല എന്ന് എന്നേക്കാൾ നന്നായി അറിയാവുന്നയാൾ അങ്ങാണ്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവിന്റെ കാര്യത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ ചെയ്ത കാര്യത്തെ നൂറ് ശതമാനം ഞങ്ങൾ എതിർക്കുകയാണ്. ബൾക്ക് പർച്ചേസിന്റെ പോസിബിലിറ്റി ഉണ്ടായിരുന്നത് അവർ ഇല്ലാതാക്കി. അതിനോട് ഞങ്ങൾ യോജിക്കുന്നില്ല. അതിനെതിരെ ഗവൺമെന്റ്

കോടതിയിൽ പോയി. അതിൽ കക്ഷി ചേരാൻ ഞങ്ങളും തയ്യാറാണ്. പക്ഷെ അതിൽ ഒരു മാർഗ്ഗമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു തീരുമാനം കൊണ്ടുണ്ടായ നഷ്ടം നികത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകുന്നതിനെക്കുറിച്ച് അങ്ങ് ഒന്നും സംസാരിച്ചില്ല. അത് ലഭിക്കണ്ടേ; അതിൽനിന്ന് ഈ പ്രശ്നം പരിഹരിക്കണ്ടേ; സി.ഐ.ടി.യു. അടക്കമുള്ള യൂണിയനുകൾ ആവശ്യപ്പെട്ട കാര്യം അങ്ങ് കേൾക്കാതെ പോയതെന്തുകൊണ്ടാണ്? പാവപ്പെട്ട ജനങ്ങളുടെ ഗതാഗതമാർഗ്ഗമായ 'ആനവണ്ടി'യെന്ന് വിളിക്കുന്ന കെ.എസ്.ആർ.ടി.സി. സർക്കാരിന്റെ തെറ്റായ നിലപാടുമൂലം പരിതാപകരമായ അവസ്ഥയിലാണെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. സിൽവർ ലൈനിന്റെ ഫിനാൻഷ്യൽ ട്രാക്ക് ക്ലിയർ ആക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി. അടക്കമുള്ള പൊതുഗതാഗത സംവിധാനത്തെ മനഃപൂർവ്വം തഴയുന്നതായിട്ടാണ് ഈ സമൂഹം വിലയിരുത്തുന്നത്. കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തെ ഉന്മൂലനം ചെയ്യാനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ

തുടക്കത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് 5200 ബസുകളും 6200 ഷെഡ്യൂളുകളും ഉണ്ടായിരുന്നു. അതിനുകാരണം അതിനുമുമ്പ് യു.ഡി.എഫ്.-ന്റെ കാലത്ത് 5200 ബസുകൾ ഉണ്ടായിരുന്നു. ഞങ്ങൾ സ്വീകരിച്ച നടപടിയുടെ പിന്തുടർച്ച എവിടെവച്ചാണ് തകർന്നുപോയതെന്നാണ് എന്റെ ചോദ്യം. ഇന്ന് 3300 ബസുകൾ മാത്രമാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളതെന്ന യാഥാർത്ഥ്യം അങ്ങ് മറക്കരുത്. ഷെഡ്യൂളുകൾ അതനുസരിച്ച് വെട്ടിക്കുറയ്ക്കുകയാണ്. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പറയട്ടെ, അവരുടെ നാട്ടിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ ഷെഡ്യൂളുകൾ പഴയതുപോലെയുണ്ടോ എന്ന്? ഇല്ലെന്ന് എനിക്ക് അറിയാം. അതാണ് പ്രധാനപ്പെട്ട പ്രശ്നം. ആ ഷെഡ്യൂളുകൾ എല്ലാം വെട്ടിച്ചുരുക്കി. 48,000 തൊഴിലാളികൾ ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ 27,000 തൊഴിലാളികൾ മാത്രമാണുള്ളത്. ബാക്കിയുള്ളവരെ പിരിച്ചുവിട്ടു. തൊഴിലാളികളെ പിരിച്ചുവിട്ടതിനുശേഷം കെ-സ്വിഫ്റ്റ് കമ്പനി രൂപീകരിച്ച് പിൻവാതിൽ നിയമനം നടത്തുന്നതിനുവേണ്ടിയുള്ള നടപടിയും ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. 17

ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി., ഇപ്പോൾ അങ്ങ് പറഞ്ഞ ഗ്രാമവണ്ടിയും ടൂർ വണ്ടിയും എല്ലാം കൂടി സർവ്വീസ് നടത്തുന്നത് 10 ലക്ഷം കിലോമീറ്ററായി ചുരുങ്ങിപ്പോയി. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ജൻറം ബസുകൾ അടക്കം 2752 പുതിയ ബസുകൾ വാങ്ങിയിരുന്നു. അങ്ങ് ഫയലും കണക്കുകളും പരിശോധിക്കു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലം മുതൽ വിവിധ ബഡ്ജറ്റുകളിലായി 4000 ബസുകൾ വാങ്ങും എന്നുപറഞ്ഞു. ഇന്നുവരെ നിരത്തിൽ ഇറങ്ങിയത് 110 ബസുകൾ മാത്രമാണ്. വിവിധ ഡിപ്പോകളിൽ നല്ലനിലയിൽ ഓടിക്കൊണ്ടിരുന്ന 2885 ബസുകൾ നിരത്തിലിറക്കാതെ പല സ്ഥലങ്ങളിലായി ഒതുക്കിയിട്ടിരിക്കുകയാണ്. തിരുവനന്തപുരത്തെ ഈഞ്ചയ്ക്കലിൽ പോയാൽ കാണാം. 2885 ബസുകൾ ഓഫ് റോഡ് ആക്കിയും പുതിയവ വാങ്ങാതെയും കെ.എസ്.ആർ.ടി.സി.-യെ ശുഷ്കിച്ച സ്ഥാപനമാക്കിയതിന്റെ പിന്നിൽ സിൽവർലൈൻ അജണ്ടയുണ്ട് എന്നുതന്നെയാണ് ഈ കേരള സമൂഹം കരുതുന്നത്. പ്രതിദിനം ആറ് കോടി രൂപ വരുമാനം ഉണ്ടായിരുന്നത് ഇപ്പോൾ

അങ്ങയുടെ കണക്കനുസരിച്ച് പ്രതിദിനം നാലുകോടി രൂപയാണ്. ഒരു ദിവസം ആറ് കോടി രൂപ ഉണ്ടായിരുന്നത് നാല് കോടി രൂപയായി കുറഞ്ഞാൽ ഒരു വർഷത്തിൽ എത്രയാകും എന്നുള്ളത് കണക്കുകൂട്ടിയാൽ മതി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എറണാകുളം കേന്ദ്രീകരിച്ച് ആരംഭിച്ച കെ.യു.ആർ.ടി.സി. എന്നതൊരു സബ്സിഡിയറി കമ്പനിയാണ്. ഞങ്ങൾ കെ.എസ്.ആർ.ടി.സി.-യെ വെട്ടിമാറ്റി മറ്റൊരു സ്വതന്ത്ര കമ്പനി ഉണ്ടാക്കുകയല്ല ചെയ്തത്. കെ.എസ്.ആർ.ടി.സി.-യുടെ തന്നെ സബ്സിഡിയറി കമ്പനിയാണ് കേരളത്തിൽ ഏറ്റവും ലാഭകരമായി സർവ്വീസ് നടത്തികൊണ്ടിരുന്നതെന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ? എന്നാൽ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി കെ.എസ്.ആർ.ടി.സി.-യെ ഉന്മൂലനം ചെയ്യുന്നതിന് വേണ്ടിയുള്ളതാണെന്നാണ് ജീവനക്കാരുടെയും പൊതുജനങ്ങളുടെയും അഭിപ്രായം. കെ.എസ്.ആർ.ടി.സി.-യിലെ 8,600 താത്കാലിക ജീവനക്കാരെ ഇതിനോടകം പിരിച്ചുവിട്ടിട്ടുണ്ട്, 48,000-ൽ നിന്നും 27,000-ലേയ്ക്ക് വരുന്ന വഴിയാണിത്, അതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഈ പിരിച്ചുവിടലിന്റെ

ലക്ഷ്യം പിൻവാതിൽ നിയമനമാണെന്ന് കാര്യമയറിയുന്ന എല്ലാവർക്കും അറിയാം. കെ.എസ്.ആർ.ടി.സി.-യുടെ ബസും ലാഭകരമായ റൂട്ടുകളും സ്വിഫ്റ്റ്-ന് നൽകി കെ.എസ്.ആർ.ടി.സി.-യെ കുളംതോണ്ടുന്നതിനുള്ള നടപടി ദയവായി നിർത്തിവയ്ക്കണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. പുതിയ കമ്പനിക്ക് സർക്കാരിന്റെ പണം, സ്ഥലം തുടങ്ങിയവയെല്ലാം നൽകുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകൾ 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൊടുത്തുകൊണ്ടേയിരിക്കുകയാണ്. 14,000 സ്ക്വയർ ഫീറ്റുള്ള ട്രാൻസ്പോർട്ട് ഭവൻ സ്ക്വയർ ഫീറ്റിന് 10 രൂപവച്ച് 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൊടുത്തില്ലേ; ഒരു ചെറിയ മുറിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ഓഫീസ് ചുരുക്കേണ്ടിവന്നില്ലേ? നിലവിൽ കെ.എസ്.ആർ.ടി.സി. -യുടെ ഓഫീസ് പ്രവർത്തിക്കുന്നത് അവിടെ ഒരു മൂലയിലാണ്. ട്രാൻസ്പോർട്ട് ഭവൻ എന്നെല്ലാം നമുക്ക് മേനിപറയാം, പക്ഷേ ഭവൻ ഇപ്പോഴിരിക്കുന്നത് ഒരു ചെറിയ മുറിയിലാണ്. കെ.എസ്.ആർ.ടി.സി.-യുടെ തമ്പാനൂരിലെ സ്ഥലവും വികാസ് ഭവൻ ഡിപ്പോയും സ്ഥലവും പാട്ടത്തിന് കൊടുത്തില്ലേ; ശ്രീ. എച്ച്. സലാമിന് അറിയാമല്ലോ, ആലപ്പുഴയിലെ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലവും

പാട്ടത്തിന് പോയില്ല? തേവരയിലെ അഞ്ചര ഏക്കർ സ്ഥലമടക്കം പതിനെട്ടോളം സ്ഥലങ്ങൾ 30 വർഷത്തിന് പാട്ടത്തിന് കൊടുത്തു, കെ.എസ്.ആർ.ടി.സി.-ക്ക് ഇതുകൊണ്ട് എന്ത് ലാഭം കിട്ടിയെന്നാണ് അങ്ങ് പറയുന്നത്? നിങ്ങൾ യു.ഡി.എഫ്.-നെ കുറ്റപ്പെടുത്തിയല്ലോ, ആ കുറ്റപ്പെടുത്തൽ രാഷ്ട്രീയപരമാണ്, നിങ്ങൾ ഇനിയും കുറ്റപ്പെടുത്തിക്കോളൂ, അതിലൊന്നും ഞങ്ങൾക്ക് തർക്കമില്ല. 418 ഏക്കർ സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തംവകയാക്കി മാറ്റിയത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കേരളം ഭരിച്ച കാലത്താണ് എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മറക്കരുത്. അങ്ങ് തലയ്ക്ക് കൈവയ്ക്കേണ്ടതില്ല! ലാൻഡ് അക്വിസിഷനുവേണ്ടി ഞങ്ങൾ പ്രത്യേകം തഹസീൽദാരെ നിയോഗിച്ചു, അതിനുശേഷം റിക്കാർഡുകൾ കൊണ്ടുവന്ന് എല്ലാം പരിശോധിച്ച് ഭൂമി മുഴവൻ കെ.എസ്.ആർ.ടി.സി.-യുടേതാക്കിമാറ്റി. ആ ഭൂമിയാണ് 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൊടുക്കുന്നതിന് തീരുമാനിച്ചതെന്ന യാഥാർത്ഥ്യം മറക്കരുത്. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും റിക്കവർ ചെയ്യുന്ന NPS തുകയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കടയ്ക്കേണ്ട തുകയും അടയ്ക്കുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ബഡ്ജറ്റിൽ

വകയിരുത്തിയ 225 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ഇന്നേവരെ ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടില്ലെന്ന യാഥാർത്ഥ്യം മറന്നുപോകരുത്. അങ്ങയിലും ആരോ കൺകെട്ട് പണി നടത്തുന്നുണ്ട്, കാര്യങ്ങൾ വേറേ രൂപത്തിൽ എഴുതിത്തരികയാണ്, എന്നാൽ യാഥാർത്ഥ്യം മറ്റൊരു രൂപത്തിൽ നിൽക്കുകയാണ്. പെൻഷൻ കാര്യത്തിൽ കെ.എസ്.ആർ.ടി.സി.യും സർക്കാരും തമ്മിൽ 50% വച്ച് വീതിച്ചിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ആ തീരുമാനം ചരിത്രപരമായിരുന്നു. ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ പെൻഷന്റെ 50% ഗവൺമെന്റ് അടയ്ക്കാമെന്ന് തീരുമാനമെടുത്തത് ഉമ്മൻ ചാണ്ടി ഗവൺമെന്റാണെന്ന സത്യം അങ്ങ് മറക്കരുത്. 50% തുക ഗവൺമെന്റ് അടച്ചാൽ ബാക്കി 50% വരുന്ന തുക കെ.എസ്.ആർ.ടി.സി. അടയ്ക്കാമെന്ന് അന്ന് കെ.എസ്.ആർ.ടി.സി.-യുടെ ചാർജ്ജുണ്ടായിരുന്ന ഞാൻ പറഞ്ഞു. അങ്ങനെ ഒരുമിച്ചുനിന്ന് മുഴുവൻ പെൻഷനും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അങ്ങ് അവസാനം ഇപ്പോൾ പെൻഷൻ കൊടുക്കുന്നുണ്ട്, എന്നാലത് ചെയ്യുന്നത് സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്താണ്. പ്രസ്തുത വായ്പയുടെ പലിശ

എത്രയാണെന്നത് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ പറയട്ടേ. ആ വായ്പയ്ക്ക് കൂടിയ പലിശയാണ്. സർക്കാർ കൊടുക്കുന്ന അമ്പത് ശതമാനവും കെ.എസ്.ആർ.ടി.സി. ഉണ്ടാക്കുന്ന അമ്പത് ശതമാനവും വന്നാൽപ്പിന്നെ എവിടെയാണ് പലിശ വരുന്നത്? അവിടെ ഒരു പലിശയും കൊടുക്കേണ്ടി വരില്ല. പിന്നീട് എന്തായാലും ഈ പലിശ മുഴുവൻ നമ്മൾ തിരിച്ചുകൊടുക്കണ്ടേ? അതിനുള്ള തുകകൂടി നമുക്ക് വരുമാനമായി കിട്ടാതെ നിവൃത്തിയില്ലല്ലോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ,.....

മി.സ്പീക്കർ: ഇരിക്കൂ.... അദ്ദേഹം പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ വഴങ്ങേണ്ടതില്ലല്ലോ?

മി.സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു, പ്രസംഗം അവസാനിപ്പിച്ചാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ സമ്മതിക്കുന്നില്ല, അതുകൊണ്ട് എനിക്ക് സമ്മതമാണെന്ന് അതിനർത്ഥമില്ല,

എന്നാലും ബഹുമാനപ്പെട്ട സ്പീക്കറും അതുതന്നെ പറഞ്ഞു.

മി.സ്പീക്കർ: എങ്കിലും കാര്യം സ്പീക്കറുടെ ചെലവിലായി.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യു.ഡി.എഫ്. സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ ദിവസവരുമാനത്തിൽനിന്നും 10% തുക പെൻഷൻ ഫണ്ടായി മാറ്റിവച്ചിരുന്നു. സത്യം പറഞ്ഞാൽ, ഉറുമ്പ് ശേഖരിക്കുന്നതുപോലെ ഈ തുകയെല്ലാം സംഭരിച്ചാണ് ഞങ്ങൾ അന്ന് പെൻഷൻ കൊടുത്തതെന്നുള്ള സത്യം അങ്ങെങ്കിലും മറക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഈ സംവിധാനമാണ് കെ.എസ്.ആർ.ടി.സി.-യെ മാറ്റിമറിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ക്ലേശം അങ്ങേയ്ക്ക് നന്നായി അറിയാമല്ലോ, പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് എല്ലാവരുടെയും കയ്യിൽനിന്നും കിട്ടാവുന്ന തുകയെല്ലാം സംഭരിച്ചാണ് കെ.എസ്.ആർ.ടി.സി.-യെ ഞങ്ങൾ ഒരുരൂപത്തിൽ മുമ്പോട്ടുകൊണ്ടുപോയത്.

മി.സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, ഇപ്പോൾത്തന്നെ മന്ത്രി സംസാരിച്ചതിനേക്കാൾ കൂടുതൽ സമയം അങ്ങേയ്ക്ക് ലഭിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ട് മിനിറ്റുകൂടി, മന്ത്രി ഇനിയും എന്നേക്കാൾ കൂടുതൽ സംസാരിക്കും, അങ്ങനെ കൂടുതൽ സംസാരിക്കില്ലെങ്കിൽ ഞാൻ ഇപ്പോൾ ഇരുന്നോളാം. അദ്ദേഹം മന്ത്രിയായതുകൊണ്ട് അങ്ങേയ്ക്ക് കൂടുതൽ സമയം കൊടുക്കേണ്ടി വരും, ഞാൻ മന്ത്രിയല്ലാത്ത ആളല്ലേ, അതുകൊണ്ട് എനിക്ക് ഇങ്ങനെ ചെയ്യേണ്ടിവരും.

മി.സ്പീക്കർ: അങ്ങ് മന്ത്രിയായിരുന്ന ആളാണ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ട കുട്ടികൾക്കും ബി.പി.എൽ. വിഭാഗത്തിലുള്ള കുട്ടികൾക്കും ഇന്ത്യയിലാദ്യമായി കെ.എസ്.ആർ.ടി.സി. ബസിൽ സമ്പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചത് ഉമ്മൻ ചാണ്ടി ഗവൺമെന്റാണെന്ന യാഥാർത്ഥ്യം അങ്ങ് മറക്കരുത്. അങ്ങയുടെ പ്രതിനിധികൾ അന്ന് ഈ സഭയിലുണ്ടായിരുന്നു. അവരിൽ ചിലർ ആ തീരുമാനത്തെ എതിർത്തത് ഞാൻ ഓർക്കുകയാണ്, ദൈവമായിട്ട് അവരെ പിന്നീട് ഇങ്ങോട്ട് മടക്കിക്കൊണ്ടുവന്നിട്ടില്ല, അതുകൊണ്ടുതന്നെ എനിക്കവരോട് തിരിച്ചുചോദിക്കാനും പറ്റുന്നില്ല. എനിക്ക് ഒരു വാക്ക് മാത്രമേ പറയാനുള്ളൂ, അശ്വത്ഥാമാവിന്റെ കഥ

അങ്ങേയക്കറിയാമല്ലോ, ഈ അശ്വത്ഥാമാവ് വരും എന്നുള്ള പ്രതീക്ഷയോടെ, നമ്മുടെ വലിയ കെ-റെയിൽ ഒരു അശ്വത്ഥാമാവിന്റെ രൂപത്തിൽ എത്തുമെന്ന പ്രതീക്ഷയോടുകൂടി ഈ പാവപ്പെട്ട ആനവണ്ടിയെ അങ്ങ് കുത്തിക്കൊല്ലരുതെന്ന് വിനയപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുകയാണ്. കെ.എസ്.ആർ.ടി.സി. മുമ്പോട്ടുപോകുന്നതിനുള്ള നടപടിയുണ്ടാകണം. ഇവിടെ ജീവനക്കാർ സമരത്തിലാണ്, നാട്ടിൽ ജനങ്ങൾ അസംതൃപ്തിയിലാണ്, കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരമായി യാത്രചെയ്തുകൊണ്ടിരിക്കുന്ന ആളുകളും വളരെ വിഷമിക്കുന്ന കാലഘട്ടമാണ്, അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്തേ മതിയാകൂവെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

<u>മി. സ്പീക്കർ</u>: ഈ അധികസമയം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് മാത്രം നൽകിയ പരിഗണനയാണ്, അതൊരു കീഴ്‌വഴക്കമാക്കരുത്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, മുൻഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ കുരിശ് ചുമക്കാൻ തയ്യാറാകരുതായിരുന്നു. നമ്മളെല്ലാവരും അങ്ങയെക്കുറിച്ച് നല്ലപോലെ

അറിയാവുന്നവരാണല്ലോ. മനഃസാക്ഷിക്ക് വിരുദ്ധമായി മനസ്സില്ലാമനസ്സോടെയാണ് അങ്ങ് ഈ കുരിശ് ഏറ്റെടുത്തതെന്ന് പ്രസംഗം കേട്ടിരുന്ന എല്ലാവർക്കും മനസ്സിലായി. അങ്ങ് വസ്തുതാവിരുദ്ധമായ എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞത്! ഉമ്മൻ ചാണ്ടി സർക്കാർ അങ്ങനെ ചെയ്തു, എൽ.ഡി.എഫ്. സർക്കാർ എന്തുചെയ്തു തുടങ്ങിയ ചോദ്യങ്ങളൊക്കെ ചോദിച്ചു. ഞാൻ പറയട്ടേ, 2011-16 കാലത്ത് അങ്ങും രണ്ടര വർഷക്കാലം ഗതാഗത വകുപ്പിന്റെ മന്ത്രിയായിരുന്നല്ലോ, ശ്രീ. ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി ആയിരിക്കുമ്പോൾ 2011-16 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് യു.ഡി.എഫ്. ഗവൺമെന്റ് നൽകിയത് വെറും 1543.86 കോടി രൂപയാണ്. ഞാൻ വെല്ലുവിളിക്കുന്നു, ഞാൻ ഇത് സഭയിലാണ് പറയുന്നത്, ഒന്നാം പിണറായി സർക്കാർ അധികാരത്തിലിരുന്ന 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചത് 4924 കോടി രൂപയാണ്. ഞങ്ങൾ ഈ വർഷം ഇതുവരെ കൊടുത്തത് 1868 കോടി രൂപയാണ്, ഇനിയും ധനമന്ത്രി 140 കോടി രൂപയെങ്കിലും നൽകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങനെ വരുമ്പോൾ 2000 കോടി രൂപയാകുമെന്ന്

ബഹുമാനപ്പെട്ട അംഗംതന്നെ പറഞ്ഞു. ചുമ്മാ തടസപ്പെടുത്താനാണ് പ്രതിപക്ഷം ശബ്ദമുണ്ടാക്കുന്നത്, ഞാൻ വഴങ്ങുന്നില്ല..മറുപടി കഴിഞ്ഞശേഷം നിങ്ങൾക്ക് പറയാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, അങ്ങ് ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കു..

ശ്രീ. ആന്റണി രാജു: സർ, 2022-ൽ മാത്രം 1868 കോടി രൂപ, അതായത് ഉമ്മൻ ചാണ്ടി സർക്കാർ 5 കൊല്ലംകൊണ്ട് കൊടുത്തത് 1543 കോടി രൂപയാണെങ്കിൽ ഞങ്ങൾ ഒരു കൊല്ലംകൊണ്ട് 1868 കോടി രൂപ കൊടുത്തു. ആരാണ് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ നിൽക്കുന്നത്; നിങ്ങളാണോ? നിങ്ങളുടെ കാലത്തെ ഒരു അഴിമതി ഞങ്ങൾ വന്നതിനുശേഷം കണ്ടുപിടിച്ച ഒരു കഥയുണ്ടല്ലോ? യു.ഡി.എഫ്.-ന്റെ കാലത്തെ, അതായത് 2010 മുതൽ 2013 വരെയുള്ള സാമ്പത്തിക വർഷത്തെ കണക്കുകളിൽ 100 കോടി 75 ലക്ഷം രൂപയുടെ ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടതിന്റെ പേരിൽ വിജിലൻസ് അന്വേഷണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്തരവിട്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിലെ നിർമ്മാണ

പ്രവർത്തനങ്ങളിലെ അഴിമതിക്ക് നേതൃത്വംകൊടുത്ത ചീഫ് എഞ്ചിനീയറെ സസ്പെന്റ് ചെയ്ത ഗവൺമെന്റാണിത്. കളക്ഷനെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു, ഞാൻ പറയുന്നതൊന്നും അങ്ങ് കേൾക്കുന്നില്ല, ...അങ്ങുകൂടി കേൾക്കണം..

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രി പറയുന്നത് അങ്ങ് കേൾക്കുന്നില്ലെന്നാണ് മന്ത്രിയുടെ പരാതി..

ശ്രീ. ആന്റണി രാജു: സർ, കേൾക്കില്ല, ബോധപൂർവ്വമാണ്. എത്ര സമർത്ഥമായാണ് അങ്ങ് കണക്കുകൾ വഴിതെറ്റിച്ച് വകതിരിച്ച് കാട്ടിയത്! യഥാർത്ഥ കണക്കുകൾ ഞാൻ പറയാം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2016 മാർച്ച് 15 -ലെ കളക്ഷൻ നാല് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷം രൂപയായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,....

ശ്രീ. ആന്റണി രാജു: ഞാൻ പറഞ്ഞുകഴിഞ്ഞ ശേഷം അവസാനം അവസരം തരാം. ഇവർ ബോധപൂർവ്വം പ്രസംഗം തടസപ്പെടുത്തുകയാണ്, പ്രസംഗം കേൾക്കുന്നതിൽ അസഹിഷ്ണുത കാണിക്കുകയാണ്. 2016 മാർച്ച് 15-ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരിക്കുമ്പോൾ

ഏറ്റവുംകൂടുതൽ കളക്ഷൻ ലഭിച്ചത് 4.99 കോടി രൂപയായിരുന്നു. 2022 മാർച്ച് 15-ലെ കളക്ഷന്റെ കണക്ക് ഇന്നലെ ലഭിച്ചു. അദ്ദേഹം പറഞ്ഞത്, ഞങ്ങൾക്ക് കിട്ടിയ മാക്സിമം കളക്ഷൻ 4 കോടി രൂപയ്ക്ക് താഴയാണെന്ന് ഞാൻ പറഞ്ഞുവെന്നാണ്. 2016-ലെ 4.99 കോടി രൂപയുടെ സ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഇന്നലത്തെ കളക്ഷൻ 5,98,29,477 കോടി രൂപയാണ്. ചാർജ്ജ് കൂടിയില്ലല്ലോ; ഇനി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന് പറയൂ; ചാർജ്ജ് വർദ്ധിപ്പിച്ചാൽ അതിനും സമരം നടത്തുകയാണ്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നല്ലോ അല്പം ഭേദമായൊരു മന്ത്രി. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽപ്പോലും കെ.എസ്.ആർ.ടി.സി.-യുടെ മാക്സിമം കളക്ഷൻ 5.5 കോടി രൂപയായിരുന്നു. ഞാൻ ഇപ്പോഴത്തെ കളക്ഷനാണ് താരതമ്യം ചെയ്തത്. ബസ്സുകളുടെ എണ്ണം കുറച്ചു, ആളുകൾ കയറിയില്ലായെന്ന് അങ്ങ് പറഞ്ഞല്ലോ; അങ്ങയുടെ ഭരണകാലത്ത്, ആളുകൾ ബസിൽ കയറിയ സമയത്ത് ലഭിച്ച മാക്സിമം കളക്ഷൻ 5.5 കോടി രൂപയാണ്. വണ്ടി ഓടാതെ, ആളുകൾ കയറാതെ എങ്ങനെയാണ് ഇന്നലത്തെ കളക്ഷൻ 5.98 കോടി രൂപയായത്? വസ്തുതകളെ

അങ്ങ് വളച്ചൊടിക്കരുത്. അങ്ങ് പറഞ്ഞതിൽ കുറച്ച് യാഥാർത്ഥ്യങ്ങളുണ്ട്. ഇപ്പോഴത്തെ അവസ്ഥ എന്താണ്; കോവിഡ് മഹാമാരിയുടെ കാലഘട്ടം വന്നപ്പോൾ എ.സി. ബസുകളിൽ ആളുകൾ കയറുന്നില്ല. കുറെ എ.സി. ബസുകൾ മാറ്റിയിട്ടിട്ടുണ്ട്. കാരണം എ.സി. ബസുകളിൽ കയറാൻ ആളുകൾ വിമുഖത കാണിക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ കോവിഡ് മഹാമാരിക്ക് തൊട്ടുമുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ 4553 ബസുകൾ സർവ്വീസ് നടത്തിയില്ലേ. അന്ന് പ്രൈവറ്റ് ബസുകാർ നടത്തിയ ബസ് സർവീസ് എത്രയാണെന്ന് അറിയാമോ? അന്ന് 12500 പ്രൈവറ്റ് ബസുകൾ സർവീസ് നടത്തിയിരുന്നു. ഇപ്പോൾ പ്രൈവറ്റ് ബസുകാർ എത്രയാണ് സർവീസ് നടത്തുന്നതെന്ന് അറിയാമോ; വെറും 7000 ബസുകളാണ്. ഗതാഗത വകുപ്പുമന്ത്രി എന്ന നിലയ്ക്ക് ഞാൻ മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽനിന്ന് ഇന്ന് രാവിലെയെടുത്ത കണക്കാണ്. 7000 ബസുകളെന്ന് പറയുമ്പോൾ വെറും 56 ശതമാനം ബസുകൾ മാത്രമാണ് പ്രൈവറ്റുകാർ ഇപ്പോൾ സർവ്വീസ് നടത്തുന്നത്. 44 ശതമാനം പ്രൈവറ്റ് ബസ്സുകാർക്ക് സർവ്വീസ് നടത്താൻ കഴിയുന്നില്ല. അതുമായി

താരതമ്യപ്പെടുത്തുമ്പോൾ, അങ്ങ് പറയുന്ന കണക്കനുസരിച്ച്, 3883 ബസുകളാണ് കെ.എസ്.ആർ.ടി.സി. ഇന്നലെ സർവ്വീസ് നടത്തിയത്. അങ്ങ് പറഞ്ഞ 3300 ബസുകളല്ല, 3883 ബസുകളാണ് സർവ്വീസ് നടത്തിയത്. എത്ര ശതമാനമാണെന്നറിയോ; ഈ പ്രതികൂലസാഹചര്യത്തിലും കെ.എസ്.ആർ.ടി.സി. 85 ശതമാനം ബസുകളുടെ സർവ്വീസ് നടത്തുകയാണ്. ഞങ്ങൾ നിർത്തിവച്ചതും ഓടാൻ കഴിയാത്തതും വെറും 15 ശതമാനം ബസുകൾ മാത്രമാണ്. 44 ശതമാനം ബസുകളുടെ സർവ്വീസ് പ്രൈവറ്റുകാർ നിർത്തിവച്ചു. അതിൽ ആർക്കും പരാതിയില്ലല്ലോ; ഒന്നുമില്ലെങ്കിലും നിങ്ങൾക്ക് പരാതി പറയാനായി ഒരു കെ.എസ്.ആർ.ടി.സി.-യെങ്കിലും ഉണ്ടല്ലോ; വെറും 15 ശതമാനം ബസുകളുടെ സർവ്വീസാണ് ഞങ്ങൾ നിർത്തിവച്ചത്. അത് എന്തുകൊണ്ടാണ്; ഏതൊക്കെ ബസുകളാണ് നിർത്തിവച്ചത്? സി-കാറ്റഗറി (സി-പൂൾ) ബസുകളാണ് നിർത്തിവച്ചത്. സി-പൂൾ എന്നുപറഞ്ഞാൽ EPKM- Earnings Per Kilometer 30 രൂപയിൽതാഴെ 23, 24, 25 എന്നിങ്ങനെയാണ്. ഡീസലിന്റെ പകുതി തുകപോലും ലഭിക്കുന്നില്ല. അങ്ങനെയുള്ള 538 സി-പൂളിലെ ബസുകൾ ഈ സാഹചര്യത്തിൽ

നിർത്താതിരിക്കാൻ പറ്റുമോ; അങ്ങ് മന്ത്രിയായിരുന്നെങ്കിൽ ഈ സമയത്ത് 3000 ബസുകൾ നിർത്തുമായിരുന്നു. ഏറ്റവും മോശമായ സി-പൂളിലെ 538 ബസുകളുടെ സർവ്വീസ് മാത്രമാണ് കെ.എസ്.ആർ.ടി.സി. നിർത്തിയത്. അതൊഴിവാക്കിയാൽ 4015 ബസുകൾ ഓടണം. അങ്ങനെ നോക്കുമ്പോൾ 3883 ബസുകൾ സർവ്വീസ് നടത്തുന്ന സ്ഥാനത്ത് സി- പൂൾ മാറ്റിനിർത്തിയാൽ ഇനി ഓടാനുള്ളത് 132 ബസുകളാണ്. അധികംവൈകാതെ ആ 132 ബസുകളും സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ഞങ്ങൾ എടുത്തുകൊണ്ടിരിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം പാട്ടത്തിന് കൊടുത്തതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. ആലപ്പുഴയിൽപോലും പാട്ടത്തിന് കൊടുത്തുയെന്ന് പറയാൻ അങ്ങേയ്ക്ക് എങ്ങനെ ധൈര്യം വന്നു; ആലപ്പുഴയിൽ കിഫ്ബി പണംമുടക്കി അവിടെ മൊബിലിറ്റി ഹബ്ബ് പണി ആരംഭിച്ചു. ആർക്ക് പാട്ടത്തിന് കൊടുത്തുവെന്നാണ് അങ്ങ് പറയുന്നത്? അതുപോലെ തമ്പാനൂർ സെൻട്രൽ ഓഫീസിൽ പാട്ടത്തിന് കൊടുത്തുയെന്ന്; Kerala State Women's Development Corporation-ന് 12500 sq.feet പാട്ടത്തിന് കൊടുത്തു. അത് ഇനിയും കൊടുക്കും. ഇത് സർക്കാർ സ്ഥാപനമാണ്. അല്ലാതെ കുത്തക മുതലാളിമാർക്കല്ല കൊടുത്തത്.

അതിനെല്ലാം അങ്ങ് വളരെ ബോധപൂർവ്വം, വളരെ തന്ത്രപൂർവ്വം വഴിതിരിച്ചുവിട്ട് ഈ സഭയെയും നാട്ടുകാരെയെയും തെറ്റിദ്ധരിപ്പിക്കാൻ നടത്തുന്ന ഈ നീക്കം ഒട്ടും ശരിയല്ല. ഈ ഗവൺമെന്റ് വന്നശേഷം ഞങ്ങളാരും പാട്ടത്തിന് കൊടുത്തിട്ടില്ല. അങ്ങ് മന്ത്രിയായിരുന്നപ്പോൾ പാട്ടത്തിന് കൊടുത്തത് അതുപോലെ തുടരുന്നുവെന്നേയുള്ളൂ, അല്ലാതെ ഞങ്ങൾ കൊടുത്തതൊന്നുമല്ല. പാട്ടത്തിന് കൊടുത്തത് തെറ്റായിരുന്നുവെങ്കിൽ അങ്ങ് മന്ത്രിയായിരുന്നപ്പോൾ എന്താണ് അത് റദ്ദാക്കാത്തത്; എന്തുകൊണ്ട് ഒഴിപ്പിച്ച് വിടാത്തത്. അതുകൊണ്ട് അങ്ങയിൽ നിന്ന് ഞാനിത് പ്രതീക്ഷിച്ചില്ല. മറ്റാരെങ്കിലും പറഞ്ഞെങ്കിൽ മനസ്സിലാക്കാം. കാരണം അങ്ങ് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ഒരാളല്ലേ; ഇതെല്ലാം അറിയുന്ന ആളാണ്. അങ്ങയുടെ തലയിൽ ഈ കുരിശുകൊണ്ട് വച്ചതാണെന്ന് എനിക്ക് മനസ്സിലായി. പക്ഷെ, അങ്ങ് ഈ യാഥാർത്ഥ്യങ്ങൾ മറന്നുകൊണ്ട് സംസാരിച്ചതിൽ ദുഃഖമുണ്ട്. ഇവിടെ അദ്ദേഹം SWIFT കമ്പനിയെക്കുറിച്ച് പറഞ്ഞു. സ്വിഫ്റ്റിനെതിരെ അങ്ങയുടെ യൂണിയൻ കേസിന് പോയല്ലോ; ബഹുമാനപ്പെട്ട ഹൈക്കോടതി കഴിഞ്ഞ ആഴ്ച പറഞ്ഞത് എന്താണെന്നറിയോ; സ്വിഫ്റ്റിലേയ്ക്ക് ആളുകളെ

നിയമിച്ച് സർവ്വീസ് നടത്താൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നു. നിങ്ങളുടെ കേസ്സിപ്പോൾ വരാന്തയിലാണ്. അതുകൊണ്ട് സ്വിഫ്റ്റിനെതിരെ നിങ്ങൾ പറഞ്ഞതൊക്കെ പാഴ്വാക്കാണെന്ന് എല്ലാപേർക്കും ബോദ്ധ്യമായിരിക്കുന്നു. ഐ.എൻ.ടി.യു.സി.-യും കേസിന് പോയി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുവാദത്തോടുകൂടി ഞങ്ങൾ പരസ്യം ചെയ്ത് നടപടിക്രമങ്ങളിലൂടെ സ്വിഫ്റ്റിനായി ഡ്രൈവർ കം-കണ്ടക്ടർമാരെ നിയമിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുവാദത്തോടുകൂടിയാണ് നിയമിച്ചത്. ഐ.എൻ.ടി.യു.സി. കൊടുത്ത കേസ് നിലനിന്നില്ലല്ലോ? നിയമപരമായി, നിയമത്തിന് വിധേയമായി പ്രവർത്തിച്ചതുകൊണ്ടാണ് സ്വിഫ്റ്റിന് ബഹുമാനപ്പെട്ട ഹൈക്കോടതി പച്ചകൊടി കാണിക്കാൻ തയ്യാറായത്. സ്വിഫ്റ്റ് വന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ കുഴിച്ചുമൂടുമെന്ന് അങ്ങ് പറയേണ്ട കാര്യമില്ല. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതി എങ്ങനെയാണ് ഇതിന് അനുവാദം നൽകുന്നത്; ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയമില്ലാത്തതിനാൽ ഞാൻ ചുരുക്കുകയാണ്. എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ, ഇവർ ചെയ്യുന്നത്

എന്താണെന്ന് ഇവരറിയുന്നില്ല. ഇവരോട് പൊറുക്കേണമേ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയം, കേരളത്തിലെ സാധാരണക്കാരന്റെ ഏറ്റവും വലിയ അഭയമായ പൊതുഗതാഗത സംവിധാനം എത്രമേൽ മോശമായാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് ഈ സർക്കാരിന്റെ ശ്രദ്ധയിലും പൊതുഫോക്കസിലും കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഇതിവിടെ കൊണ്ടുവന്നത്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ, കേരളത്തിലെ ഏറ്റവുംവലിയ പൊതുമേഖലാ സ്ഥാപനമായ KMML വലിയ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന് പറഞ്ഞു. ആ പറഞ്ഞ ഉശിരോട്ടുകൂടിയാണ്

കെ.എസ്.ആർ.ടി.സി.-യെന്ന മറ്റൊരു പൊതുമേഖലസ്ഥാപനത്തിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സംസാരിച്ചത്. അദ്ദേഹത്തിന്റെ സംസാരംകേട്ടാൽ KMML-നെക്കാൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണോ കെ.എസ്.ആർ.ടി.സി.-യെന്ന് സംശയിച്ചുപോയാൽ അവരെ കുറ്റപ്പെടുത്താൻ പറ്റില്ല. ഇതിനെല്ലാത്തിനും ഉദാഹരണമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒറ്റ മറുപടിമാത്രം മതിയാകും. അദ്ദേഹം പറഞ്ഞത് യു.ഡി.എഫ്.-ന്റെ കാലത്ത് നിങ്ങൾ എത്രകൊടുത്തു; 1500 കോടി രൂപ കൊടുത്തു. ഞങ്ങളുടെ കാലത്ത് എത്രകൊടുത്തു, 5000 കോടി രൂപ കൊടുത്തു. അന്ന് 1500 കോടി രൂപ കൊടുത്താലുള്ള കുഴപ്പമേ അവിടെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 5000 കോടി രൂപ കൊടുത്താലും തീരാത്തത്ര പ്രശ്നത്തിലാണ്. അതിന്റെ വ്യത്യാസം മനസ്സിലായില്ലേ; യു.ഡി.എഫ്. കാലത്തെ കെ.എസ്.ആർ.ടി.സി.-യുടെയും ഇപ്പോഴത്തെ കെ.എസ്.ആർ.ടി.സി.-യുടെയും സ്ഥിതിയെന്താണ്; അവിടത്തെ നഷ്ടമെന്താണ്; ബുദ്ധിമുട്ടുകളെന്താണ്, പ്രയാസങ്ങളെന്താണെന്ന് വളരെ വ്യക്തമായി മനസ്സിലാകുന്ന രീതിയിലാണ് കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. ഓരോ പത്ത്

വണ്ടി വാങ്ങുന്നതിന്റെയും കാര്യം പറഞ്ഞപ്പോൾ നിങ്ങളെല്ലാപേരും കയ്യടിച്ചു. ഇപ്പോൾ പത്ത് വണ്ടി വാങ്ങിക്കും, അടുത്തമാസം വേറെ 10 വണ്ടിവരും, അടുത്തത് വരും... ഈ ആറുവർഷം കൊണ്ട് 110 വണ്ടികളല്ലേ വാങ്ങിയത്; യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2700 കെ.എസ്.ആർ.ടി.സി. ബസുകളാണ് വാങ്ങിയത്. അതിൽ 140 ബസുകൾ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ കിട്ടിയ ജൻറം ബസുകളാണ്. ആ കാലഘട്ടത്തിൽ 2700-ലധികം വണ്ടികളാണ് ആകെ വാങ്ങിയത്. അതിന്റെ വ്യത്യാസം മനസ്സിലായോ; എല്ലാം ഗംഭീരമായി പോകുകയാണെന്ന് പറയുകയാണ്. ഈ പറയുന്നതിൽ യാതൊരു അടിത്തറയുമില്ല. കഴിഞ്ഞമാസം വരുമാനം 127 കോടി രൂപ, ചെലവ് 171 കോടി രൂപ; നഷ്ടം 44 കോടി രൂപ, പെൻഷന്റെ ബാദ്ധ്യത 70 കോടി രൂപ, അങ്ങനെ 114 കോടി രൂപയുടെ ബാദ്ധ്യതയാണുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നൊരു കാര്യം ഞാൻ സമ്മതിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയംമൂലം ബൾക്ക് പർച്ചെയ്സിന് വലിയ വ്യത്യാസത്തിൽ കൂടുതൽ തുക ഡീസലിന് കൊടുക്കേണ്ട സ്ഥിതിയാണുള്ളത്. അതിനെതിരെ സമരം ചെയ്യുന്നതിനും

ശക്തമായ നിലപാട് സ്വീകരിക്കുന്നതിനും ഞങ്ങൾ കൂടെയുണ്ട്. കെ.എസ്.ആർ.ടി.സി. പോലുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തെ തകർക്കുന്നതിനുവേണ്ടി മാത്രമാണ് ഡീസലിന്റെ വില ബൾക്ക് ചാർജ്ജ് വർദ്ധിപ്പിച്ചതുകൊണ്ടുണ്ടായത്. അതുകൊണ്ടുണ്ടാകുന്ന നഷ്ടം കൂടി നികത്തേണ്ട സ്ഥിതിയിലായിരിക്കുന്നു. അങ്ങ് ശ്രദ്ധിച്ചില്ലേ? നമ്മുടെ പെട്രോളിയം ഉത്പ്പന്നങ്ങളുടെ വിലക്കയറ്റത്തിന്റെ ചർച്ച ഇവിടെ വന്നപ്പോൾ, കഴിഞ്ഞ അഞ്ചുകൊല്ലം കൊണ്ട് അയ്യായിരം കോടി രൂപയുടെ അധിക വരുമാനം വില കൂടിയതുകൊണ്ട് പെട്രോളിയം ഉത്പ്പന്നങ്ങളിൽനിന്ന് സംസ്ഥാന ഗവൺമെന്റിനുണ്ടായി. ഞാൻ അന്നൊരു നിർദ്ദേശം വച്ചു, നിങ്ങൾ ഏറ്റവും കുറഞ്ഞത് അതിൽനിന്നൊരു തുകയെടുത്ത് ഫ്യൂവൽ സബ്സിഡി കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കണമെന്ന്. സംസ്ഥാനത്തിന്റെ നികുതി വേണ്ടായെന്ന് വച്ചിട്ട് കെ.എസ്.ആർ.ടി.സി.-ക്ക് ഈ അയ്യായിരം കോടി രൂപയുടെ വരുമാനത്തിൽനിന്ന് ഒരു ഫ്യൂവൽ സബ്സിഡി കൊടുക്കാൻ പറഞ്ഞിട്ട് സർക്കാർ അതൊന്നും തന്നില്ലല്ലോ; ഷെഡ്യൂളുകളുടെ സ്ഥിതി എന്താണ്? മഹാമാരി വന്നിട്ടുണ്ടെന്ന യാഥാർത്ഥ്യം അറിയുന്നു. പക്ഷേ

മഹാമാരി വന്ന സാഹചര്യത്തിൽനിന്ന് ഒരു പൊതുമേഖലാ സ്ഥാപനമെന്നുള്ള നിലയിൽ അതിന് മാറ്റമുണ്ടായപ്പോൾ അത് കൈകാര്യം ചെയ്യുന്നതിൽ നിങ്ങൾ പരാജയപ്പെട്ടു. 5200 ഷെഡ്യൂളുകളാണ് ഓടിയിരുന്നത്. 85 ശതമാനം ഷെഡ്യൂൾ ഓടുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു. ഇവിടെ ഇരിക്കുന്ന ഏതെങ്കിലുമൊരു എം.എൽ.എ.-യോട് സ്വകാര്യമായി സംസാരിച്ചാൽ ആരും ഇത് സമ്മതിക്കില്ല. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലത്തിൽ നേരത്തെ ഓടിക്കൊണ്ടിരുന്ന ബസുകളുടെ 85 ശതമാനം ഓടുന്നുണ്ടോ? നിങ്ങൾ കുറെ കാര്യങ്ങൾ ആരംഭിച്ചുവെന്ന് പറഞ്ഞു. ആദ്യം മനസ്സിലാക്കേണ്ടത് കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ഫംഗ്ഷൻ എന്താണ് എന്നുള്ളതാണ്. കേരളത്തിലെ എല്ലാ ഭാഗങ്ങളിലേയ്ക്കും, പ്രൈവറ്റ് ബസ്റൂട്ടില്ലാത്ത പ്രദേശങ്ങളിൽപോലും വാഹന സൗകര്യമുണ്ടാക്കി കൊടുക്കുക. സാധാരണക്കാരായ ആളുകൾക്ക് എത്താനുള്ള സൗകര്യം ചെയ്തുകൊടുക്കുക. എന്റെ നിയോജകമണ്ഡലത്തിലെ നിരവധി കേസുകൾ മന്ത്രിക്ക് എഴുതി തരാം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ ഷെഡ്യൂളുകൾ റദ്ദാക്കിയതുകൊണ്ട്, നമ്മുടെ നാട്ടിൽ അറുന്നൂറ്-എഴുന്നൂറ് രൂപ

കൂലി കിട്ടുന്ന സാധാരണക്കാർ ഓട്ടോറിക്ഷയ്ക്ക് 200 രൂപ കൊടുത്ത് കൂലിപ്പണിക്ക് പോകുന്നുണ്ട്. കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയിരുന്ന നാഷണലൈസ്ഡ് റൂട്ടിലൂടെ ഏതെങ്കിലുമൊരു പ്രൈവറ്റ് വണ്ടി പോയാൽ..... കാരണം ദേശസാത്ക്കരിക്കപ്പെട്ട റൂട്ടാണ്. ഇപ്പോഴുള്ള സംഭവമെന്താണ്? ദേശസാത്ക്കരിക്കപ്പെട്ട റൂട്ടിൽ പ്രൈവറ്റ് ബസിന് അനുമതിയും കൊടുക്കില്ല, കെ.എസ്.ആർ.ടി.സി. ബസ് ഓടുകയുമില്ല. അതിന്റെ ഇരകളാരാണ്? അതിൽ ബുദ്ധിമുട്ടുന്നവർ ആരാണ്? സാധാരണക്കാരായ ജനങ്ങളാണ്. ഞങ്ങൾ ഈ വിഷയം ഇവിടെ കൊണ്ടുവരാൻ കാര്യം, ഇത് കുറിശൊന്നുമല്ല ഏൽപ്പിച്ചത്. സാധാരണക്കാരന്റെ കുറിശാണ് ഞങ്ങൾ ഏറ്റുപിടിച്ച് ഇവിടെ കൊണ്ടുവന്നത്. ഓരോ നിയോജകമണ്ഡലത്തിലുമുള്ള എം.എൽ.എ.-മാരോടും നെഞ്ചിൽ കൈവച്ച് ചോദിക്കണം; ആ നാട്ടിലെ പാവപ്പെട്ടവരും സാധാരണക്കാരും എത്രയോ പരാതികളുമായി നിങ്ങളുടെ ഓഫീസുകളിൽ വന്നിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഓടാത്തതും ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്ത കാര്യവും പറഞ്ഞുകൊണ്ട് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ,

പി.ടി.എ.-കൾ, അദ്ധ്യാപകരുമെല്ലാം വന്നിട്ടില്ലേ? കുഞ്ഞുങ്ങൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല. തിരുവനന്തപുരത്ത് മന്ത്രിയുടെ മൂക്കിനുതാഴെ ബസ്സില്ലാത്തതുകൊണ്ട് സ്റ്റോപ്പിൽ നൂറുകണക്കിന് വിദ്യാർത്ഥികൾ ക്യൂ നിൽക്കുന്നത് രണ്ടാഴ്ച മുമ്പല്ലേ പത്രത്തിൽ വന്നത്. ഇവിടത്തെ എല്ലാ പത്രങ്ങളിലും ജില്ലാ എഡിഷൻ പേജിലും വാർത്ത വന്നില്ലേ? നൂറുകണക്കിന് കുട്ടികൾ ബസില്ലാത്തതുകൊണ്ട് കാത്തുനിൽക്കുന്നു. ആ ബസുകളിൽ കയറാൻ പോലും കഴിയാത്ത സ്ഥിതിയിൽ ആളുകൾ കാത്തുനിൽക്കുന്നു. അതുകൊണ്ട് കെ.എസ്.ആർ.ടി.സി. അതിന് ലാഭമുണ്ടാക്കുന്നതിനുവേണ്ടി വേറെ പല കാര്യങ്ങളും ചെയ്യുന്നുണ്ട്. അതിനോടൊന്നും ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ കെ.എസ്.ആർ.ടി.സി.-യുടെ മേജർ ഫംഗ്ഷൻ എന്താണ്? ആ മേജർ ഫംഗ്ഷൻ ചെയ്യുന്ന കാര്യത്തിൽ നിങ്ങൾ ദയനീയമായി പരാജയപ്പെട്ടു. അതിനെ ട്രാക്കിൽ കൊണ്ടുവരണം. ഞങ്ങൾ സംസാരിക്കുന്നത് സാധാരണക്കാർക്കുവേണ്ടിയാണ്. നേരത്തെ 48000 തൊഴിലാളികളുണ്ടായിരുന്നു. ഇപ്പോൾ 27000 തൊഴിലാളികളാണുള്ളത്. അപ്പോൾ എത്ര കുറഞ്ഞു? ഇരുപതിനായിരം തൊഴിലാളികളുടെ ശമ്പളം

കൊടുക്കുന്നതിന്റെ ബാദ്ധ്യതകൂടി നിങ്ങൾക്ക് കുറഞ്ഞു. ശമ്പള പരിഷ്കരണം നടത്തി. പക്ഷേ അന്ന് 48000 തൊഴിലാളികളുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 27000 തൊഴിലാളികൾ മാത്രമാണുള്ളത്. നിങ്ങൾക്കറിയാമല്ലോ, കെ.എസ്.ആർ.ടി.സി. പ്രതിദിനം 17 ലക്ഷം കിലോമീറ്റർ യാത്ര ചെയ്യുമായിരുന്നു. ഇപ്പോൾ 10 ലക്ഷം കിലോമീറ്ററേ യാത്രചെയ്യുന്നുള്ളൂ. പക്ഷേ ദീർഘദൂരം ഓടുന്നത് അഞ്ചുകൊല്ലം വരെയുള്ള വണ്ടികളാണ്. പുതിയ വണ്ടികളാണ് ദീർഘദൂരത്തിൽ ഓടിയിരുന്നത്. അത് ഏഴ് വർഷമാക്കി. പിന്നീട് ഒൻപത് വർഷമാക്കി. ഇപ്പോൾ ഒൻപത് വർഷവും കഴിഞ്ഞ വണ്ടികളാണ് ദീർഘദൂര സർവ്വീസുകൾ നടത്തുന്നത്.

പെൻഷൻ കൊടുക്കുന്നുണ്ട്. എപ്പോഴാണ് കൊടുക്കുന്നത്? എത്ര ഫോൺ വിളികളാണ് ജനപ്രതിനിധികൾക്ക് വരുന്നത്? ഞാൻ എം.എൽ.എ.-മാരോടാണ് ചോദിക്കുന്നത്? പെൻഷൻ ലഭിക്കാത്തത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-ക്കാർ വിളിക്കാത്ത ഏതെങ്കിലും എം.എൽ.എ.-മാരുണ്ടോ; മരുന്ന് വാങ്ങാൻ നിവൃത്തിയില്ലെന്ന് പറഞ്ഞ് കരയുന്നവരുണ്ട്. ഏതെങ്കിലുമൊരു ദിവസം പെൻഷൻ കൊടുക്കുന്നുണ്ട്. അത് അവിടത്തെ

ഏറ്റവും പരിതാപകരമായ സാമ്പത്തികാവസ്ഥയെയാണ് കാണിക്കുന്നത്. നിങ്ങൾ പണം കയ്യിൽ വച്ചിട്ട് പെൻഷൻ കൊടുക്കാതിരിക്കുകയാണെന്ന് പറയുന്നില്ല. ഞങ്ങൾക്ക് അങ്ങനെയൊരു ആരോപണമില്ല. കൊടുക്കാൻ കഴിയുന്നില്ല. അത്രമാത്രം തകർച്ചയിലേയ്ക്ക് പൊതുമേഖലാസ്ഥാപനം പോകുകയാണ്. ഒന്നു-രണ്ട് കൊല്ലംകൊണ്ടല്ല, കഴിഞ്ഞ കുറെ വർഷങ്ങളായി ഇത് തുടരുകയാണ്. ഇപ്പോൾ ബസ്സുകൾ ഓരോ സ്ഥലത്ത് ഇട്ടിരിക്കുകയാണ്. ആലുവ, എടപ്പാൾ, ഈഞ്ചയ്ക്കൽ, തേവര, ചടയമംഗലം, ആറ്റിങ്ങൽ ഇവിടെയെല്ലാം കെ.എസ്.ആർ.ടി.സി. ബസുകളുടെ ശവപറമ്പായി മാറിയിരിക്കുകയാണ്. ലോക്ക്ഡൗൺ കാലത്ത് ആദ്യം നിങ്ങളൊരു നല്ല പ്ലാൻ ചെയ്തു. ഓടുന്ന വണ്ടി റൊട്ടേഷനിൽ ഓടുക. അപ്പോൾ എല്ലാ വണ്ടിയും ഓടി കിട്ടും. ഡീസൽ വണ്ടിയാണ്, കിടന്നാൽ നശിച്ചുപോകും. പിന്നെ നിങ്ങൾ തീരുമാനിച്ചു അതിന് ഇൻഷ്വറൻസ് കൊടുക്കണമെന്നതുകൊണ്ട് റൊട്ടേഷൻ വേണ്ടാ, കുറച്ചുവണ്ടി മാത്രം ഓടിയാൽ മതിയെന്ന്. ആ വണ്ടികൾ മുഴുവൻ അവിടെ കിടന്ന് തകരുകയാണ്. പത്തുമൂവായിരം കെ.എസ്.ആർ.ടി.സി. ബസുകൾ ആക്രിയായി മാറുകയാണ്. 700 കോടി രൂപയുടെ നഷ്ടം ആ

ഇനത്തിൽ മാത്രം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകാൻ പോകുകയാണ്. അതിന്റെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിലൂടെ വ്യാപകമായി പ്രചരിക്കപ്പെടുകയാണ്. എന്നിട്ട് എന്തൊരു പ്രതിപക്ഷമാണെന്ന് ഞങ്ങളോട് ചോദിക്കുകയാണ്. ഒരു അടിക്കുറിപ്പാണ്. 'ബസുകൾ കിടന്ന് ആക്രിയാകുന്നു'. എറണാകുളത്തെ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിനടുത്ത് ബസുകൾ കിടന്ന് ആക്രിയാകുന്നു. ഇതൊന്നും നിയമസഭയിൽ ഉന്നയിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലല്ലോ; കോടിക്കണക്കിന് രൂപയുടെ ആസ്തിയാണ്; സർക്കാരിന്റെ പൊതുസ്വത്താണ് ഇങ്ങനെ തുരുമ്പെടുത്ത് നശിച്ചുപോകുന്നത്. നിങ്ങൾ എന്ത് പ്രതിപക്ഷമാണെന്ന് ജനങ്ങൾ ഞങ്ങളോട് ചോദിക്കുകയാണ്. അപ്പോൾ ഇത് കുരിശാണ്; ഈ നാട്ടിലെ ജനങ്ങൾ വഹിക്കുന്ന ഒരു കുരിശാണ്. ആ കുരിശുമായാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഞങ്ങളുമൊക്കെ വന്നിരിക്കുന്നത്. ആ കുരിശ് ഇവിടെയൊന്ന് ഒന്നിറക്കി വയ്ക്കാൻ പറ്റുമെന്ന് വിചാരിച്ചിട്ടാണ്. നിങ്ങൾ ഉചിതമായ തീരുമാനമെടുത്തശേഷം ഇത് പരിഹരിക്കണമെന്നാണ് കരുതിയാണ് പറയുന്നത്.

കൺസഷന്റെ കാര്യത്തെക്കുറിച്ച് അങ്ങ് പിൻവലിച്ചുവെന്ന്

പറഞ്ഞതുകൊണ്ടാണ് പറയാത്തത്. കൺസെഷന്റെ കാര്യത്തിൽ വിദ്യാർത്ഥികൾക്ക് അപമാനകരമായ ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തു. അങ്ങൊരു കാര്യം ആലോചിക്കണം. നാട്ടിലെ സ്കൂളുകളിൽ ഉച്ചഭക്ഷണം കൊടുക്കുന്നുണ്ട്. ഉച്ചക്കഞ്ഞിയും പയറുമായിരുന്നു. ഞാനാണ് ആദ്യമായി 2008-ൽ അത് ഉച്ചഭക്ഷണമാക്കി മാറ്റിയത്. ഞാൻ ഇക്കാര്യം പ്രഖ്യാപിച്ചപ്പോൾ ഉച്ചഭക്ഷണത്തിന് മൂവായിരം കുട്ടികളേ ഉണ്ടായിരുന്നുള്ളൂ എന്നായിരുന്നു എന്റെ ധാരണ. സ്പോൺസർ ചെയ്ത ഒരു സ്കീമാണ് പ്രഖ്യാപിച്ചത്. ലിസ്റ്റ് വന്നപ്പോൾ പതിനേഴായിരം കുട്ടികളുണ്ടായിരുന്നു. ഒരു പൊതി ചോറ് വീട്ടിൽനിന്നും കൊടുത്തുവിടാൻ കഴിയാത്ത അത്രയും വലിയ പ്രശ്നമുണ്ടോയെന്ന് ഞാൻ അന്വേഷിച്ചു. അപ്പോൾ അദ്ധ്യാപകർ എന്നോട് പറഞ്ഞത്, രാവിലെ ഭക്ഷണം കഴിക്കാതെ വരുന്ന കുട്ടികൾ ധാരാളമുണ്ടെന്നാണ്. ഞങ്ങൾ ശനിയാഴ്ചയും ഞായറാഴ്ചയും വീട്ടിലിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ ഈ കുട്ടികൾ ഭക്ഷണം കഴിച്ചിട്ടുണ്ടോയെന്നോർത്ത് ഞങ്ങളുടെ കണ്ണ് നിറയും. പല കുടുംബത്തിലെയും സ്ഥിതി അതാണ്. പല കുടുംബത്തിലും വരുമാനമില്ല; വരുമാനമുള്ളവർ ചിലപ്പോൾ അത് വീട്ടിൽ കൊണ്ടുപോയി കൊടുക്കുന്നില്ല. ഒരു

നിയോജകമണ്ഡലത്തിൽപോലും പത്തിരുപതിനായിരം കുട്ടികൾ ഉച്ചഭക്ഷണത്തിനുവേണ്ടി... കുറച്ചുപേർ വീട്ടിലുണ്ടായിട്ടും വരാത്തവരായിരിക്കും. പക്ഷേ ഉച്ചഭക്ഷണത്തിനുപോലും നിവൃത്തിയില്ലാത്ത ആളുകളുണ്ട്. രണ്ടും മൂന്നും കുട്ടികൾ പഠിക്കുന്ന ഒരു വീട്ടിൽ 5 രൂപയും 10 രൂപയും രൂപ കൊടുത്ത് കെ.എസ്.ആർ.ടി.സി.-യിൽ പോകാൻ സാധിക്കുമോ? കൺസെഷനെന്ന് പറയുന്നത് ഔദാര്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇവിടെ ഇരിക്കുകയല്ലേ? നമ്മുടെ കുട്ടികൾ പഠിക്കാൻ പോകുമ്പോൾ അവർക്ക് ന്യായമായ കൺസെഷൻ കൊടുക്കേണ്ടേ? അതിൽ ബി.പി.എൽ.-ഉം എ.പി.എൽ.-ഉം കൊടുത്താൽ മതിയോ? ഇടത്തരം കുടുംബങ്ങളിൽ മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്ത കഷ്ടപ്പെടുന്ന സ്ത്രീകളും കുട്ടികളുമൊക്കെ എത്രയോ ഉണ്ട്. അങ്ങനെയൊരു തീരുമാനം ഗവൺമെന്റ് എടുക്കരുത്. അത്തരമൊരു സമീപനം കുട്ടികളോട് കാണിച്ചാൽ നിങ്ങൾ ഇടതുപക്ഷ സർക്കാരല്ല, വലതുപക്ഷ സർക്കാരാണെന്ന് ഞങ്ങൾക്ക് അപ്പോൾ പറയേണ്ടിവരും. അതുകൊണ്ട് ആ സമീപനം ഇത്തരം കാര്യങ്ങളിലുണ്ടാകരുത്. കെ.എസ്.ആർ.ടി.സി. ഒരു സർവ്വീസാണ്. കെ.എസ്.ആർ.ടി.സി.-ക്ക്

ലാഭമുള്ളത് ദീർഘദൂര സർവ്വീസുകളിലാണ്. മലയോര ആദിവാസി മേഖലകൾ, ഭൂമിശാസ്ത്രപരമായ ഒറ്റപ്പെട്ട ഇടങ്ങൾ തുടങ്ങിയ ലാഭകരമല്ലാത്ത സർവ്വീസാണ്. അത് ലാഭമുണ്ടാക്കാനുള്ള സ്ഥാപനം മാത്രമല്ല, വലിയ നഷ്ടം വരുത്തരുതെന്നാണ്, ആ സർവ്വീസ് വേണം. നിങ്ങൾ ഇപ്പോൾ ചെയ്തത് എന്താണ്? സ്വിഫ്റ്റ് എന്നുപറയുന്നൊരു കമ്പനിയുണ്ടാക്കി. അതിൽ ദീർഘദൂര സർവ്വീസുകളും ലാഭമുള്ളതും മാത്രം ആ കമ്പനിയിൽ ഉൾപ്പെടുത്തി. ആ കമ്പനിയുടെ പ്രത്യേകതയെന്താണ്? ആ കമ്പനിയിലുള്ളത് പെർമനന്റ് തൊഴിലാളികളാണെന്ന് തോന്നുന്നില്ല, എനിക്ക് തെറ്റുപറ്റിയതാണെങ്കിൽ അങ്ങ് തിരുത്തണം. കരാർ തൊഴിലാളികളാണെന്നാണ് എന്റെ ധാരണ. പെർമനന്റ് തൊഴിലാളികളല്ല ഈ പുതിയ കമ്പനിയിലുള്ളത്. ഇടതുപക്ഷ നയമാണോയെന്ന് നിങ്ങളൊന്ന് ആ കമ്പനിയിൽ പരിശോധിക്കണം. ലാഭമുള്ള സർവ്വീസ് മാത്രം സ്വിഫ്റ്റ് കമ്പനിയിൽ.... അത് നല്ല ലാഭത്തിൽപോകും. ഒരു സ്വകാര്യ കമ്പനി നടത്തുന്നപോലെ ലാഭത്തിൽ പോകും. അപ്പോൾ സംഭവിക്കാൻ പോകുന്നതെന്ന് അറിയാമോ? ബാക്കിയുള്ള ഒറിജിനൽ കെ.എസ്.ആർ.ടി.സി.-യുടെ 85 ശതമാനവും സർവ്വീസുകൾ വലിയ

നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തും. സ്വിഫ്റ്റ് കമ്പനി നിലനിൽക്കും. ഞങ്ങൾ പറയുന്നത് റെക്കോർഡാണല്ലോ. ബാക്കിയുള്ള ലാഭത്തിലല്ലാത്ത 85 ശതമാനം സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ഭീമമായ നഷ്ടത്തിലേയ്ക്കുപോകും. ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ സ്വാഭാവികമായ മരണത്തിന് അത് വിധിക്കപ്പെട്ടും; ദയാവധം, അതാണ് സംഭവിക്കാൻ പോകുന്നത്. അതാണ് ഞങ്ങൾ പറഞ്ഞത്, സിൽവർ ലൈൻ എന്ന പദ്ധതിക്കുവേണ്ടി രണ്ടുലക്ഷം കോടി രൂപ ചെലവാക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യെ രക്ഷിച്ചെടുക്കാൻ രണ്ടായിരം കോടി രൂപ ചെലവാക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ ഞങ്ങൾ ഉറപ്പിച്ചുപറയും നിങ്ങൾ ഒരു ഇടതുപക്ഷ ഗവൺമെന്റല്ല, വലതുപക്ഷ വ്യതിയാനം സംഭവിച്ച ഗവൺമെന്റാണെന്ന്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തെ രക്ഷിക്കാൻ കഴിയാത്തതിലും അതിനുള്ള ഉചിതമായ നടപടി സ്വീകരിക്കാത്തതിലും അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതിൽനിന്ന് ഒരു കാര്യം വളരെ വ്യക്തമാണ്. കെ.എസ്.ആർ.ടി.സി.-യെ ഡൗൺസൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ ഞങ്ങളിത് ഉന്നയിക്കണമെന്നുപറഞ്ഞ് തൊഴിലാളികളും പൊതുജനങ്ങളുമൊക്കെ നല്കിയ നോട്ടിൽ ഇതുതന്നെയാണ് പറയുന്നത്. പാലുവണ്ടി, പലചരക്കുവണ്ടി, മത്സ്യവണ്ടി അങ്ങനെ പലതുമാക്കി. അത് ഒരുതരം ഡൗൺസൈസിംഗാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതാപകാലം കഴിഞ്ഞു. ഇനി ഇങ്ങനെ പലതുമായി ഉപയോഗിക്കാം. ഇതൊക്കെ ഒരുതരം സ്ക്രാപ്പിംഗാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ, സകലസ്ഥലത്തും വണ്ടികൾ കുന്നുകൂടി കിടക്കുകയാണ്, സ്ക്രാപ്പായി കൊണ്ടിരിക്കുകയാണ്. ഇതിന്റെ സമയം കഴിഞ്ഞു എന്ന നിലയിൽ ഒറിജിനൽ പ്രവൃത്തികളിൽ നിന്നും അതിന്റെ ഫംഗ്ഷനിൽ നിന്ന് മാറി മറ്റുപല ആവശ്യങ്ങൾക്കും ഉപയോഗിച്ച് ഉന്തി തള്ളി കൊണ്ടുപോകുന്ന ഒരു സ്ഥിതിയാണ്. അത്രയ്ക്കേ പറ്റുകയുള്ളൂ. ഇതിലേറെ കഴിയില്ലെന്ന നിലയിലുള്ള ഒരു നിലപാടാണ് സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ

എടുത്തിരിക്കുന്നത്. അത് തുറന്നുപറയുന്നതിന് പകരം എല്ലാം വളരെ ഉഷാറാക്കാമെന്ന് പറയുന്നു. പാലുവണ്ടി, പയറുവണ്ടി, അതുപോലെ മത്സ്യം വില്ക്കാൻ കൊണ്ടുപോകുന്നതിന്റെ കാര്യം... ഇതൊക്കെ പറഞ്ഞപ്പോൾ എല്ലാത്തിനും കൈയ്യടിച്ച്... ഇതൊക്കെ വളരെ കാര്യമായി എല്ലാം അവതരിപ്പിച്ച് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പ്രസംഗം നടത്തിയെന്നല്ലാതെ സമയത്തിന് ശമ്പളം കൊടുക്കുക, പെൻഷൻ കൊടുക്കുക, മോഡണൈസ് ചെയ്യുക തുടങ്ങിയ യാതൊരു പരിപാടിയും ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകപോലും ചെയ്തിട്ടില്ല. വലിയ ജനകീയ പ്രശ്നമെന്ന നിലയിൽ പൊതുജനങ്ങളുടെ ഇടയിൽ നില്ക്കുന്ന ഒരു വിഷയമാണിത്. കെ.എസ്.ആർ.ടി.സി.-യെ വളരെ ശോചനീയമായ ഈ അവസ്ഥയിൽനിന്ന് രക്ഷിക്കാൻ സർക്കാരിന് കൺസ്ട്രക്ടീവായ എന്തെങ്കിലും പദ്ധതിയുണ്ടോ എന്നതാണ് പ്രശ്നം. അത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഉപനേതാവും സൂചിപ്പിച്ചതുപോലെ ഒരു സർവ്വീസ് സെക്ടർ എന്ന നിലയിൽ കേരളത്തിൽ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന യാത്ര ചെയ്യുന്ന ഏക ആശ്രയമാണ് കെ.എസ്.ആർ.ടി.സി. അത് ഏറ്റവും കാര്യക്ഷമമായി നടക്കുകയെന്ന സദുദ്ദേശ്യത്തോടുകൂടി തന്നെയാണ് പ്രതിപക്ഷം ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഈ വിഷയം ചർച്ച ചെയ്തിരുന്നുവെങ്കിൽ സർക്കാരിന് കൂടുതൽ സഹായകരമാകുമായിരുന്നു. കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ക്രിയേറ്റീവായ ചർച്ചയായി അത് മാറുമായിരുന്നു. അതിന് തയ്യാറാകാതെ പ്രതികാരബുദ്ധിയോടെ സർക്കാർ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ഈ സമീപനത്തെ കണ്ടതുതന്നെ തെറ്റായിപ്പോയി. കോവിഡ് സാഹചര്യത്തിനുശേഷം കുട്ടികൾ ഉൾപ്പെടെ യാത്രയിലേയ്ക്ക് വരികയാണ്. യാത്രയിലേയ്ക്ക് വരുമ്പോഴുള്ള ബസിന്റെ ലഭ്യതക്കുറവിന്റെ പ്രശ്നങ്ങൾ ഗുരുതരമായി വരികയാണ്. കേരളത്തിന്റെ പൊതുവായ

ആവശ്യമെന്ന നിലയിൽ അതെല്ലാം ഗൗരവമായി ചർച്ച ചെയ്യേണ്ടതായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി സി-പൂൾ വാഹനങ്ങൾ നിർത്തലാക്കിയതിനെക്കുറിച്ച് സൂചിപ്പിച്ചു. 538-ഓളം വാഹനങ്ങൾ നിർത്താക്കി. വരുമാനം കുറവാണ് എന്നതാണ് അങ്ങ് സൂചിപ്പിച്ച കാരണം. ഇവിടെ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതും ഇതേക്കുറിച്ച് തന്നെയാണ്. കോർപ്പറേഷൻ ലാഭം മാത്രം ലക്ഷ്യം വച്ച് പ്രവർത്തിക്കാൻ കഴിയുന്ന ഒന്നല്ല. ഇത് വളരെ റൂറൽ ഏരിയകളിലൂടെ പോകുന്ന വാഹനങ്ങളായിരിക്കാം. യാത്രക്കാരുടെ എണ്ണം കുറവായതിനാലാണ് ഇത്തരം വാഹനങ്ങൾ നിർത്തലാക്കിയതെന്നാണ് അങ്ങയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഇതുപോലുള്ള വാഹനങ്ങൾ നിർത്തലാക്കുന്നത് യാത്രാക്ലേശം വർദ്ധിപ്പിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ വലിയ

രീതിയിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും ഉടലെടുത്തുകൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ഇവിടെ ഈ വിഷയം ചർച്ചചെയ്തിരുന്നെങ്കിൽ കൂടുതൽ ക്രിയാത്മകമാകുമായിരുന്നു. ഞങ്ങളേക്കാൾ കൂടുതൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒരു പക്ഷെ ഭരണപക്ഷത്തിനുതന്നെ വയ്ക്കാനുണ്ടാകുമായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, സാധാരണക്കാരുടെ ആശ്രയമായ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിവരിച്ചതുപോലെ ലാഘവത്തോടെ കാണേണ്ട വിഷയമല്ല. വളരെ ഗുരുതരമായ പ്രശ്നമാണ്. ഗ്രാമവണ്ടികൾ നല്ല ആശയമാണ്. പക്ഷെ തദ്ദേശസ്ഥാപനങ്ങൾക്ക് അതിന്റെ ഭാരം താങ്ങാനുള്ള കഴിവില്ല. ഡീസലിന്റെ വില വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വലിയ ബുദ്ധിമുട്ടാണ്. വളരെ ഗൗരവമായ ഇത്തരം വിഷയങ്ങൾ നമ്മൾ ഒരുമിച്ച് ചർച്ചചെയ്ത് പരിഹാരം കാണേണ്ടതാണ്. ഈ

വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)